**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3016** **14-02-2024 - ൽ മറുപടിയ്ക്ക്**

**വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും കേന്ദ്ര സേന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും സി.ആർ.പി.എഫ്. പോലുള്ള കേന്ദ്ര സേനയെ ചുമതലപ്പെടുത്തണം എന്ന് ജീവനക്കാരുടെ സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മാങ്കുളം അടക്കം ഗുരുതരമായ പ്രശ്നങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങളിൽ വനം വകുപ്പ് ഓഫീസുകളുടെയും സ്റ്റേഷനുകളുടെയും സുരക്ഷാർത്ഥവും വനപാലകരുടെ ജീവൻ സംരക്ഷിക്കുന്നതിനും സി.ആർ.പി.എഫ് പോലെയുള്ള കേന്ദ്രസേനയെ വിന്യസിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വനം വകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാരുടെ കാറ്റഗറി സംഘടനകളിൽ ഒന്നായ കേരള ഫോറസ്റ്റ് സ്റ്റാഫ് അസോസിയേഷൻ (KFSA) 05.01.2024 തീയതിയിൽ നിവേദനം സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത നിവേദനത്തിൽ തിരുത്തൽ വരുത്തി മേൽ ആവശ്യം ഒഴിവാക്കിക്കൊണ്ട് സംഘടന പുതിയ നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്ത സാഹചര്യത്തിലാണോ ജീവനക്കാരുടെ സംഘടന ഈ ആവശ്യം ഉന്നയിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | വനവും വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമാണ്. |

സെക്ഷൻ ഓഫീസർ